(ബി) മാനദണ്ഡങ്ങൾ പാലിക്കാതെ പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തതായ പരാതികൾ ഉയർന്നു വന്നിട്ടുണ്ടോ ;

(സി) ഈ പരാതികൾ പരിശോധിക്കാനും ഇക്കാര്യത്തിൽ പരിഹാര നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളെ സംബന്ധിച്ച എത്ര കേസ്സുകൾ ഇനിയും തീർപ്പാകാതെ കോടതികളുടെ പരിഗണനയിൽ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2-1-2010-ലെ ജി.ഒ. (എം.എസ്.) നമ്പർ.2/10/പൊ.വി.വ ഉത്തരവ് പ്രകാരമാണ് സ്കൂളുകൾ ഏറ്റെടുത്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പഞ്ചായത്തു സ്കൂളുകൾ ഏറ്റെടുത്തത് സംബന്ധിച്ച കേസ്സുകൾ ഒന്നും നിലവിലില്ല.

സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ

8 (3754) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഏറ്റെടുക്കുന്ന സ്കൂളുകളിൽ എത്ര പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾ ഉണ്ടെന്നും ഇവയിലോരോന്നിലും എത്ര അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ വീതമുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) സർക്കാർ ഏറ്റെടുക്കുമ്പോൾ ഈ ജീവനക്കാരുടെ സർവ്വീസ് എപ്രകാരം ക്രമീകരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) ഇവരുടെ സീനിയോറിറ്റി, ഗ്രേഡ്, പ്രൊമോഷൻ, ട്രാൻസ്ഫർ എന്നീ കാര്യങ്ങളിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളെക്കുറിച്ച് വിശദമാക്കുമോ ;

(ഇ) സ്കൂളുകളെ ഏറ്റെടുക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യതകളെന്തൊക്കെയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) ഇവരുടെ സീനിയോറിറ്റി, ഗ്രേഡ്, പ്രൊമോഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ക്രമീകരണം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) പഞ്ചായത്ത് സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾ നിലവിൽ സർക്കാർ ഖജനാവിൽ നിന്നായതിനാൽ അധിക സാമ്പത്തിക ബാധ്യത വരുന്നില്ല.

പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ

9 (3755) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളാക്കി ഉയർത്തി ; ജില്ല തിരിച്ച് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ എത്ര വി.എച്ച്.എസ്.ഇ. സ്കൂളുകൾ അനുവദിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ എത്ര സ്കൂളുകളിൽ എത്ര അധിക ബാച്ചുകൾ അനുവദിച്ചു ; ആയതുവഴി എത്ര സീറ്റുകൾ പ്ലസ് ടു പഠനത്തിന് അധികമായി ലഭ്യമാക്കി ; വിശദമാക്കുമോ ;

(ഡി) പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ, അധിക ബാച്ചുകൾ എന്നിവ അനുവദിച്ചതിലൂടെ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 സ്കൂളുകൾ

കാസർഗോഡ് - 4

കണ്ണൂർ - 10

വയനാട് - 6

കോഴിക്കോട് - 7

പാലക്കാട് - 4

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.